"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്-അഴീക്കോട് മുനക്കൽ മുസരീസ് ഡോൾഫിൻ ബീച്ച് ഫെസ്റ്റ് 2024(ഡിസംബർ 20-31)-ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.139/2025/TSM തീയതി,തിരുവനന്തപുരം, 04-03-2025

---

പരാമർശം:-
1. 23-01-2025 തീയതിയിൽ ബഹു.കൈപ്പമംഗലം എം.എൽ.എ ശ്രീ. ഇ.ടി ടൈസൺ മാസ്റ്റർ സമർപ്പിച്ച കത്ത്
2. 19-02-2025 തീയതിയിലെ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ DOT/438/2025-M1 നം. കത്ത്.

**ഉത്തരവ്**

കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ അഴീക്കോട് മുനക്കൽ മുസരീസ് ഡോൾഫിൻ ബീച്ചിൽ 2024 ഡിസംബർ 20 മുതൽ ഡിസംബർ 31 വരെ സംഘടിപ്പിച്ച അഴീക്കോട് മുനക്കൽ മുസരീസ് ഡോൾഫിൻ ബീച്ച് ഫെസ്റ്റ് -ന് സാമ്പത്തിക സഹായം അനുവദിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ബഹു കൈപ്പമംഗലം എം.എൽ.എ ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ പരാമർശം(1) പ്രകാരം സമർപ്പിച്ച അപേക്ഷ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ,

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ അഴീക്കോട് മുനക്കൽ മുസരീസ് ഡോൾഫിൻ ബീച്ചിൽ 2024 ഡിസംബർ 20 മുതൽ ഡിസംബർ 31 വരെ സംഘടിപ്പിച്ച അഴീക്കോട് മുനക്കൽ മുസരീസ് ഡോൾഫിൻ ബീച്ച് ഫെസ്റ്റ് ന്, **3452-80-104-98-00-34-03**-പിവി-മാർക്കറ്റിംഗ് എന്ന ശീർ ഷകത്തിൽ നിന്നും ₹1,00,000/-(ഒരു ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3) ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം അഴീക്കോട് മുനക്കൽ മുസരീസ് ഡോൾഫിൻ ബീച്ച് ഫെസ്റ്റ് ഭാരവാഹികൾ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, അതിന്റെ ആധികാരികത വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം

അഴീക്കോട് മുനക്കൽ മുസരീസ് ഡോൾഫിൻ ബീച്ച് ഫെസ്റ്റ് ഭാരവാഹികൾ (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Archana T
Date: 05-03-2025 10:50:57

സെക്ഷൻ ഓഫീസർ

പകർപ്പ്:

1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്